**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)**
**വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ**
**സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന**
**പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ**
**മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

**No. 268/2025**

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാർക്കും, സഹപട്ടക്കാർക്കും, ദേശത്തുപട്ടക്കാർക്കും, പള്ളികൈസ്ഥാനികൾക്കും, ശേഷം വിശ്വാസികൾക്കും വാഴ്വ്!

പ്രിയരെ,

തെരഞ്ഞെടുപ്പ് കമ്മീഷൻ രാജ്യവ്യാപകമായി സമഗ്ര വോട്ടർ പട്ടിക പരിഷ്ക്കരണം (SPECIAL INTENSIVE REVISION) അഥവാ SIR നടപ്പാക്കുകയാണ്. കേരളത്തിൽ ഡിസംബർ 4 വരെയാണ് ഈ പ്രക്രിയ നടക്കുന്നത്. ഇതിന്റെ ഭാഗമായി ബൂത്ത് ലെവൽ ഓഫീസർമാർ (BLO) വീടുകളിൽ എത്തുകയും, ഫോമുകൾ നൽകുകയും ചെയ്യും.  ഈ പ്രക്രിയയോട് വിവിധ രാഷ്ട്രീയപാർട്ടികളും സാമൂഹ്യ സംഘടനകളും വ്യത്യസ്ത നിലപാടുകളാണ് സ്വീകരിച്ചിരിക്കുന്നത്. സഭയുടേതായ ഒരു നിലപാടും സ്വീകരിച്ചിട്ടില്ല എങ്കിലും പദ്ധതി വിജയകരമായി പൂർത്തീകരിക്കപ്പെട്ടുവരുന്ന സാഹചര്യത്തിൽ, സഭാംഗങ്ങൾ വോട്ടർ പട്ടികയിൽ നിന്ന് പുറത്താക്കപ്പെടാതിരിക്കാൻ ശ്രദ്ധിക്കണം. 2002 ലെ വോട്ടർപട്ടികയാണ് എസ്. ഐ. ആർ -ൽ ആധാരമാക്കുന്നത് . 2002-ലെ വോട്ടർപട്ടിക പരിശോധിച്ച് പേരുണ്ടോ എന്ന് ഉറപ്പാക്കണം. പേരില്ലാത്തവർ ലിസ്റ്റ് തയ്യാറാക്കാൻ വരുന്ന ഉദ്യോഗസ്ഥർ ആവശ്യപ്പെടുന്ന രേഖകൾ സമർപ്പിച്ച് പേര് ചേർക്കണം. പ്രവാസികളായ സഭാമക്കൾ നിർബ്ബന്ധമായും എസ്. ഐ. ആർ. പ്രക്രിയയുടെ ഭാഗമാകണം. ഓൺലൈനായോ നാട്ടിലുള്ള ബന്ധുക്കൾ മുഖേനയോ ഫോം പൂരിപ്പിച്ച്  നൽകാൻ മറക്കരുത്. 2002-ലെ ലിസ്റ്റിൽ പേരില്ലാത്തവർ വോട്ടർ പട്ടിക പരിഷ്ക്കരണത്തിന്റെ ഭാഗമാകാതിരുന്നാൽ 2026-ൽ പ്രസിദ്ധീകരിക്കുന്ന അന്തിമ വോട്ടർ പട്ടിക പ്രകാരം വോട്ടവകാശം പൂർണമായും നിഷേധിക്കപ്പെടും. അതിവേഗത്തിൽ പൂർത്തീകരിക്കപ്പെടുന്ന നടപടിക്രമമായതിനാൽ വീഴ്ച്ചകൾ ഉണ്ടാകാതെ ഏവരും എസ്. ഐ. ആർ -ന്റെ ഭാഗമാകുവാൻ പ്രത്യേകം ശ്രദ്ധിക്കണം. സംശയ നിവാരണത്തിനായി BLO -മാരുടെ ഫോൺ നമ്പരുകൾ വാങ്ങി സൂക്ഷിക്കണം. നമ്മുടെ ഇടവക മാനേജിംഗ് കമ്മിറ്റി അംഗങ്ങളുടെയും, യുവജനപ്രസ്ഥാന പ്രവർത്തകരുടെയും നേതൃത്വത്തിൽ ഇടവകാംഗങ്ങളായ പ്രായപൂർത്തിയായവരും പ്രവാസികളും വോട്ടർപട്ടികയിൽ ഇടംപിടിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തണം.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടെയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ.........................

2025 നവംബർ മാസം 13-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്  അരമനയിൽനിന്നും.

**ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**